**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 58** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശം നൽകാമോ; | (എ) | മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ അന്തർദേശീയ ഐ.ടി കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിന് വേണ്ടി അവർക്ക് ആവശ്യാനുസരണം സെസ് / നോൺസെസ് മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പേസുകൾ, ജലം ,വൈദ്യുതി ,കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഐ.ടി പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.<br><br>പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 62000 ച.അടി ഉൾപ്പെടെ 201.62 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്. ദേശീയപാതയോട് ചേർന്ന് തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 4 ഐ.ടി. കോറിഡോറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 46 ലാൻഡ് പാഴ്സലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്. ഐ.ടി.ഐ.എൽ താത്പര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസിൽ |

| | | | |
|---|---|---|---|
| | | | ജോലി ,പാർപ്പിടസൗകര്യങ്ങൾ, ഷോപ്പിംഗ് സൗകര്യങ്ങൾ, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടെ ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'ക്വാഡ് (QUAD)' - ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ഡിജിറ്റൽ സയൻസ് പാർക്ക് സ്റ്റാർട്ടപ്പ് കമ്പനികൾക്ക് വ്യവസായ രംഗത്ത് വളരുന്നതിന് വൻ സാധ്യതയാണ് വിഭാവനം ചെയ്യുന്നത് .പാർക്കിന്റെ പൂർണതോതിലുള്ള പ്രവർത്തനം 2025-ഓടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി ഐ.ടി മേഖലയിലുള്ള ഗവേഷണത്തെയും വികസനത്തെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഐ.ബി.എം - ഉം ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സംയുക്തമായി ജൂലൈയിൽ ഒരു അന്തർദേശീയ സമ്മേളനം നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.ഭാവി സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം ടെക്നോസിറ്റിയിൽ എമർജിങ് ടെക്നോളജി ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>ഐ.ടി. പാർക്കുകളിൽ ലഭ്യമായ സ്ഥലവും, ഭൂമിയും അന്താരാഷ്ട്ര കമ്പനികൾക്കും മറ്റു ജി.സി.സി-കൾക്കും വിപണനം ചെയ്യുന്നതിനായി ഇന്റർനാഷണൽ പ്രോപ്പർട്ടി കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ, ലീഡുകൾ സൃഷ്ടിക്കുന്നതിനും കോ-ഡെവലപ്പർമാർ, അന്താരാഷ്ട്ര കമ്പനികൾ, ജി.സി.സി-കൾ മുതലായവയെ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിനും വേണ്ടി ഹൈ-പവർ ഐ.ടി. കമ്മിറ്റിയുടെ നേതൃത്വത്തിൽ ഐ.ടി. ഫെലോകളുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.<br><br>ഗ്രാമീണ മേഖലയിൽ ഐ.ടി. വികസനവുമായി ബന്ധപ്പെട്ട് ഫോസ്റ്റര(FOSTeRA) എന്ന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഐ.ടി. വ്യവസായം ആരംഭിക്കുവാൻ പ്രയോജനപ്പെടുന്നതാണ് .ഗ്രാമപ്രദേശങ്ങളിൽ ചെലവ് കുറഞ്ഞ രീതിയിൽ IT/ITeS/BPO സംരംഭങ്ങൾ സ്ഥാപിക്കുവാനും തദ്വാര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി ഉപകരിക്കുന്നതാണ്.. |
| (ബി) | പ്രമുഖ ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഐ.ടി. ഹബ്ബാക്കി മാറ്റുന്നതിനും | (ബി) | സർക്കാർ പങ്കാളിത്തത്തോടെ കൂടി സ്വകാര്യസംരംഭകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് |

| | | | |
|---|---|---|---|
| | സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | | ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ജൈറ്റെക്സ്, സിബിറ്റ് തുടങ്ങിയ ഐ.ടി മേളകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ എന്നിവയിൽ പങ്കെടുത്ത് കേരളത്തിലെ ഐ.ടി ഐ.ടി.ഇ.എസ് മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവ ശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ എന്നിവ പരിചയപ്പെടുത്തുക വഴി കൂടുതൽ പ്രമുഖ ഐ.ടി. കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കൂടാതെ ഐ.ടി മേഖലയിൽ പരമാവധി മാനവശേഷി ലഭ്യമാക്കുന്നതിനും അഭ്യസ്ഥവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി. പാർക്കുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടി സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ്' എന്ന പേരിൽ നടന്നു വരുന്നുണ്ട്.<br><br>തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 4 ഐ.ടി. കോറിഡോറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 46 ലാൻഡ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. ഇതിനോടകം കമ്പനികൾ താൽപര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട് .തുടർനടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പുതിയ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ? | (സി) | കൊല്ലം, കണ്ണൂർ ജില്ലകളിൽ പുതുതായി ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കണ്ണൂരിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ നിയമിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ധർമ്മടം നിയോജക മണ്ഡലത്തിൽ വിവിധ ഉദ്ദേശങ്ങൾക്കായി കിൻഫ്ര ഏറ്റെടുക്കുന്ന ഭൂമിയിൽ നിന്നും 25 ഏക്കർ ഭൂമി ഐ.ടി. പാർക്കിനായി കണ്ടെത്തിയിട്ടുണ്ട്. നിർദ്ദിഷ്ട പാർക്കിന്റെ വിശദമായ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. പ്രാഥമിക രൂപരേഖയ്ക്ക് അനുമതികൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൊല്ലം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിലേക്കായി നഗരപരിധിയിൽ |

| | | | |
|---|---|---|---|
| | | | **ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിക്കുന്നു.**<br><br>**ദേശീയപാതയോട് ചേർന്ന് തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 5G സാങ്കേതികവിദ്യയിലധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകളും 4 ഐ.ടി. കോറിഡോറുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേക്കായി** 46 ലാൻഡ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**